പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 22.06.2012 ൽ |
| ചോദ്യം നമ്പർ.2843 | മറുപടിയ്ക്ക് |

# തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>" പി. എ. മാധവൻ<br>" റ്റി. എൻ. പ്രതാപൻ<br>" വി. ഡി. സതീശൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിക്കുന്നത് ആരാണ് ; | എ) മേറ്റുമാർ |
| ബി) ഇവരെ ഏതുപ്രകാരമാണ് തെരഞ്ഞെടുക്കുന്നത് ;<br>സി) പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നു ;<br>ഡി) ആയതിനായി പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | ബി), സി) & ഡി) ഇതുവരെയും കുടുംബശ്രീ എ.ഡി.എസിൽ നിന്നായിരുന്നു മേറ്റുമാരെ തെരഞ്ഞെടുത്തിരുന്നത്. അത് ഇപ്രകാരമായിരുന്നു: കുടുംബശ്രീ എ.ഡി.എസ്സിന്റെ ഭരണ സമിതി യോഗം ചേർന്ന് എ.ഡി.എസ് ഭാരവാഹികളിൽ നിന്ന് മേറ്റുമാരുടെ പാനൽ തയ്യാറാക്കി എ.ഡി.എസിന്റെ ജനറൽ ബോഡി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നു. തുടർന്ന്, ഈ ലിസ്റ്റ് സി.ഡി.എസ്സിന് നൽകുന്നു. സി.ഡി.എസ് ഇത് പഞ്ചായത്തിന് കൈമാറുന്നു. പ്രസ്തുത ലിസ്റ്റിൽ നിന്ന് ഓരോ പ്രവൃത്തിക്കുമുള്ള മേറ്റിന് ഗ്രാമപഞ്ചായത്ത് ചുമതല നൽകിയിരുന്നു. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, 25.05.2012 ലെ 23804/ഡിഡി2/2012/ തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം, മേറ്റുമാരെ നിയമിക്കുന്നത് സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അവ താഴെ ചേർക്കുന്നു.<br>1. ഒരു വാർഡിൽ മുൻ വർഷം ഏറ്റവും കൂടുതൽ ദിവസം തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിയെടുത്ത കുടുംബത്തിലെ/കുടുംബങ്ങളിലെ അംഗങ്ങളിൽ നിന്ന് 10-ാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസ യോഗ്യത എങ്കിലും ഉള്ള വനിതകളെ ആയിരിക്കണം മേറ്റായി നിർദ്ദേശിക്കേണ്ടത്. |

2. രാഷ്ട്രീയ പാർട്ടികളുടെ സജീവ പ്രവർത്തകരെ മേറ്റുമാരായി നിയമിക്കാൻ പാടുള്ളതല്ല
3. ഒരു വാർഡിൽ ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെടുന്ന മേറ്റുമാരുടെ 1/5 എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കേണ്ടതാണ്.
4. മേറ്റുമാരെ തെരഞ്ഞെടുക്കുമ്പോൾ അർഹരായ വികലാംഗർ ഉണ്ടെങ്കിൽ അവരെ മുൻഗണന നൽകി മേറ്റുമാരായി നിയമിക്കേണ്ടതാണ്.
5. മുകളിൽ സൂചിപ്പിച്ച യോഗ്യതകൾ ഉള്ള മെയ്റ്റുമാരെ വാർഡുതല കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കേണ്ടതും ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഉത്തരവ് നൽകേണ്ടതാണ്.
6. മേറ്റുമാർ നിർബന്ധമായും 14 ദിവസം കൂടുമ്പോൾ മാറിയിരിക്കേണ്ടതാണ്.
7. ഒരു പ്രവൃത്തിയിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾ കുറഞ്ഞത് 40 പേർ ഉണ്ടെങ്കിൽ മാത്രമേ ഒരു പൂർണ്ണ സമയ മേറ്റിനെ നിയോഗിക്കേണ്ട ആവശ്യമുള്ളൂ. പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം നാല്പതിൽ കുറവാണെങ്കിൽ മേറ്റിനെ തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ